STATE POVERTY ERADICATION MISSION ★ KUDUMBASHREE ★ GOVT. OF KERALA
22 MAY 2018

5284

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ - ലൈഫ് മിഷൻ പദ്ധതിയുടെ വീടുകളുടെ നിർമാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം. 1331 /2018/തസ്വഭവ                    തിരുവനന്തപുരം, തീയതി : 11/05/2018.

---

വായന:- 1. കുടുംബശ്രീ എക്സിക്യൂട്ടീവ്ഡയറക്ടറുടെ 3/03/2018 ലെ 5183 D-2016- KSHO കത്ത്

2. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റിയുടെ 05/03/2018 ലെ4.8 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിൽ 2014 മുതൽ കുടുംബശ്രീയുടെ 5 വനിതകൾ ചേർന്ന് ആരംഭിച്ച നിർമാണ യൂണിറ്റാണ് കുടുംബശ്രീ കൺസ്ട്രക്ഷൻസെന്നും ഈ യൂണിറ്റ് ധാരാളം ചെറിയ നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ടെന്നും സർക്കാർ അംഗീകാരമില്ലാത്തതിനാൽ ഈ യൂണിറ്റിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുന്നില്ലെന്നും അതിനാൽ ഈ ഗ്രൂപ്പിനെ സർക്കാർ അംഗീകൃത മൈക്രോ കോൺട്രാക്ടിംഗ് ഗ്രൂപ്പായി അംഗീകരിച്ച് ടെണ്ടർ, ഏണസ്റ്റ് മണിഡെപ്പോസിറ്റ് തുടങ്ങിയ നടപടികളിൽനിന്ന് ഒഴിവാക്കണമെന്നും ഇതു കൂടാതെ നിർമാണ രംഗത്ത് പരിശീലനം കിട്ടിയ 64 കുടുംബശ്രീ കൺസ്ട്രക്ഷൻ യൂണിറ്റുകൾ, വിവിധ ജില്ലകളിലായി പ്രവർത്തനം നടത്തുന്നുണ്ടെന്നും ഈ യൂണിറ്റുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന അക്രഡിറ്റഡ് ഏജൻസിയാക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വായന(1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. 05/03/2018 ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയ വീടുകളുടെ നിർമാണ പ്രവർത്തനങ്ങൾ കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് വായന(2) ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

1. കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ലൈഫ് പദ്ധതിയുടെ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണ പ്രവൃത്തികൾ ടെണ്ടർനടപടിക്രമങ്ങൾ കൂടാതെ ഏൽപ്പിക്കാവുന്നതാണ്. ഗുണഭോക്താക്കൾക്ക് നേരിട്ടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടോ ഇത്തരം നിർമാണ പ്രവർത്തനങ്ങൾ കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ഏൽപ്പിക്കാവുന്നതാണ്.

2.ലൈഫ് മിഷൻ വഴി നിർമിക്കുന്ന വ്യക്തിഗത ഭവനങ്ങൾ നിർമിക്കുന്നതിനുള്ള അംഗീകൃത

ഏജൻസിയായി കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ചുമതലപ്പെടുത്താവുന്നതാണ്. താൽപര്യമുള്ള ഗുണഭോക്താക്കൾക്ക് നേരിട്ടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടിക്രമം കൂടാതെയോ ലൈഫ് മിഷന്റെ പുതിയ വീടുകളുടെ നിർമാണം കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ഏൽപ്പിക്കാവുന്നതാണ്.

3. അർഹതയുള്ള കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കുന്നതിനുള്ള ആവശ്യം കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ധനവകുപ്പിന് നൽകേണ്ടതാണ്.

4. ഓരോഗ്രൂപ്പും ചുരുങ്ങിയത് 10 വീടുകളുടെ നിർമാണം നടത്തുന്നുണ്ടെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
എക്സിക്യൂട്ടീവ്ഡയറക്ടർ, കുടുംബശ്രീ
തദ്ദേശ സ്വയംഭരണ ( ഐ എ) വകുപ്പ്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ